# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1051 05.03.2018 -ൽ മറുപടിക്ക്

**ഭാഷാന്യൂനപക്ഷ സമിതി മീറ്റിംഗിലെ തീരുമാനങ്ങൾ നടപ്പിലാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി | പ്രൊഫ.സി.രവീന്ദ്രനാഥ് ( വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ | 01/08/2017-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഭാഷാന്യൂനപക്ഷ സമിതി മീറ്റിംഗിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | എ | മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഭാഷാന്യൂനപക്ഷ സമിതിയുടെ 01/08/2017 ലെ മീറ്റിംഗിലെ തീരുമാനങ്ങൾ മേൽ നടപടി സ്വീകരിക്കുന്നതിനായി അതാത് വകുപ്പ് മേധാവികൾക്കും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും അയച്ചു കൊടുത്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിച്ചു വരുന്നു. |
| ബി | പ്രസ്തുത സമിതിയിൽ തീരുമാനമെടുത്ത പ്രകാരം, പട്ടഞ്ചേരി ഗവ.ഹൈസ്കൂളിൽ ഹയർസെക്കന്ററി അനുവദിക്കുനനതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | ബി | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| സി | ഭാഷാ ന്യൂനപക്ഷങ്ങൾ പഠിക്കുന്ന ചിറ്റൂർ, കൊഴിഞ്ഞമ്പാറ ഗവ.കോളേജുകളിൽ പുതിയ കോഴ്സ് തുടങ്ങുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ; | സി | ചിറ്റൂർ, കൊഴിഞ്ഞമ്പാറ ഗവ.കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു |
| ഡി | ഭാഷാ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ ഏകാംഗ കമ്മീഷൻ രൂപീകരിക്കാനുള്ള തീരുമാനത്തിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | ഡി | 01.08.2017 ന് ചേർന്ന സംസ്ഥാനതല ഭാഷാ ന്യൂനപക്ഷ സമിതി യോഗം കേരളത്തിലെ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരവും സാമൂഹ്യവുമായ പ്രശ്നങ്ങളും ഭാഷാ ന്യൂനപക്ഷ വിഭാഗ |

| | | | |
|---|---|---|---|
| | | | ങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ നിലവിലുള്ള പ്രയാസങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുവാൻ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരവും സാമൂഹ്യവുമായ പ്രശ്നങ്ങളും ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ നിലവിലുള്ള പ്രയാസങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഡോ.നടുവട്ടം ഗോപാലകൃഷ്ണനെ (കൈരളി, കാര്യവട്ടം.പി.ഒ, തിരുവനന്തപുരം - 695 581) ചുമതലപ്പെടുത്തി 04.12.2017 തീയതിയിലെ സ.ഉ (കൈ) നം.362/2017/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ